## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3559 — 20.06.2018 ൽ മറുപടിക്ക്

## നെടുമങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; | (എ) | 22.04.2017 ലെ G.O.(Ms.) No.58/2017/H&FWD പ്രകാരം "ആർദ്രം" പദ്ധതിയിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. 23.09.2017 ലെ G.O.(Ms)No.136/2017/H&FWD പ്രകാരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷ്യന്റെയും, ഒരു ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>കിഫ്ബിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം 23.11.2017 ൽ നടത്തുകയും പ്രവർത്തനം ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>"ആർദ്രം" പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്ന് കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി അനുബന്ധ നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിശദവിവരം ചുവടെ ചേർക്കുന്നു.<br><u>കരകുളം പി.എച്ച്.സി.</u><br>• ആശുപത്രിയിൽ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.<br>• കരകുളം ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.<br>• പുതിയ ഒ.പി.ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിയ്ക്കുകയും, ഫാർമസി നവീകരിയ്ക്കുകയും, സ്റ്റോർ എയർ കണ്ടീഷനിംഗ് ചെയ്യുകയും ചെയ്തു.<br>• ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ ലഭ്യമാക്കുകയും ലാബ് പ്രവർത്തനം സജ്ജമാക്കുകയും ചെയ്തു.<br>• ഒരു പാരാ മെഡിക്കൽ സ്റ്റാഫ്, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിങ്ങനെ രണ്ടു ജീവനക്കാരെക്കൂടി നിയമിക്കുന്നതിനുള്ള നടപടികൾ കരകുളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | • കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 10,90,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. വർക്കുകൾ പൂർത്തീകരിച്ച് പി.എച്ച്.സി., എഫ്.എച്ച്.സി.യായി ഉദ്ഘാടനം സജ്ജമായിട്ടുണ്ട്.<br>തോന്നയ്ക്കൽ പി.എച്ച്.സി<br>• ആശുപത്രിയിൽ പുതുതായി ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ തസ്തിക സൃഷ്ടിച്ചു ജീവനക്കാരെ നിയമിച്ചു വരുന്നു.<br>• രോഗികൾക്കായി വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>• ലാബിലേയ്ക്കുള്ള ഉപകരണങ്ങൾ, റീ ഏജന്റുകൾ ലഭ്യമാക്കി ലാബ് പ്രവർത്തനം ആരംഭിയ്ക്കുകയും, ഫാർമസി, സ്റ്റോർ നവീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>• സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 9,90,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>• വർക്കുകൾ പൂർത്തീകരിക്കുകയും എഫ്.എച്ച്.സി.യായി ഉദ്ഘാടന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കന്യാകുളങ്ങര സി.എച്ച്.സി.യുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | കന്യാകുളങ്ങര സി.എച്ച്.സി.യിലെ വളരെ പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിന് NHM ന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പു ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ